**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5475** **03-11-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തനം നടന്നുവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | കുണ്ടറ നിയോജക മണ്ഡലത്തിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള കുണ്ടറ താലൂക്ക് ആശുപത്രി വികസനത്തിനായി കിഫ്ബി പദ്ധതി വഴി 76.13 കോടി രൂപയുടെ (എഴുപത്തി ആറ് കോടി പതിമൂന്ന് ലക്ഷം രൂപ മാത്രം) ഭരണാനുമതിയും 35.36 കോടി രൂപയുടെ (മുപ്പത്തി അഞ്ച് കോടി മുപ്പത്തി ആറ് ലക്ഷം രൂപ മാത്രം) സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പേരയം പ്രാഥമികാരോഗ്യകേന്ദ്രത്തെ ആർദ്രം പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനായി 20,57,538/- രൂപ (ഇരുപത് ലക്ഷത്തി അൻപത്തി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) എൻ.എച്ച്.എം വഴി അനുവദിച്ചിട്ടുണ്ട്. കൂടാതെ തീരദേശ വികസന ഫണ്ട് 1.68 കോടിരൂപ (ഒരു കോടി അറുപത്തി എട്ട് ലക്ഷം രൂപ മാത്രം) ഉപയോഗിച്ച് പുതിയ ഒ.പി കെട്ടിടം നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. നെടുമ്പന സാമൂഹികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം വഴി 37.5 ലക്ഷം (മുപ്പത്തി ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കൂടാതെ കോവിഡ്-19 പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതി പ്രകാരം കുണ്ടറ നിയോജക മണ്ഡലത്തിൽ നിന്നും നെടുമ്പന സാമൂഹികാരോഗ്യ കേന്ദ്രത്തെ ആണ് തെരഞ്ഞെടുത്തിരിക്കുന്നത്. നിർവ്വഹണ ഏജൻസിയായ കെ.എം എസ്. സി.എൽ ഇതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തൃക്കോവിൽവട്ടം കുടുംബാരോഗ്യ കേന്ദ്രത്തെ ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം വഴി 8,80,164/- (എട്ട് ലക്ഷത്തി എൺപതിനായിരത്തി ഒരുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പെരിനാട് ആരോഗ്യ കേന്ദ്രത്തെ ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ ദേശീയ ആരോഗ്യ ദൗത്യം വഴി 20,57,538/- (ഇരുപത് ലക്ഷത്തി അൻപത്തി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) എൻ.എച്ച്.എം വഴി അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. കൊറ്റങ്കര പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്ര മായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ